| 21–11–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, സെക്കന്റിൽ മുക്തിയും ജീവന്മുക്തിയും പ്രാപ്തമാക്കുന്നതിനു വേണ്ടി ബാബയെയും സമ്പത്തിനെയും ഓർമ്മിക്കൂ(മൻമനാഭവ, മദ്ധ്യാജീ ഭവ). ബാബയെ യഥാർത്ഥ രീതിയിൽ തിരിച്ചറിഞ്ഞ് ഓർമ്മിക്കൂ, എല്ലാവർക്കും ബാബയുടെ പരിചയം കൊടുക്കൂ.**

**ചോദ്യം** – ഏത് ലഹരിയുടെ ആധാരത്തിലേ നിങ്ങൾക്ക് ബാബയെ പ്രത്യക്ഷപ്പെടുത്താൻ സാധിക്കൂ?
**ഉത്തരം** – ലഹരിയുണ്ടായിരിക്കണം, നമ്മൾ ഇപ്പോൾ ഭഗവാന്റെ കുട്ടികളായിരിക്കുന്നു, ഭഗവാൻ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നാം തന്നെയാണ് സർവ്വ മനുഷ്യരാശിക്കും സത്യമായ വഴി പറഞ്ഞു കൊടുക്കേണ്ടത്. നമ്മൾ ഇപ്പോൾ സംഗമയുത്തിലാണ്. നമുക്ക് നമ്മുടെ കുലീനമായ പെരുമാറ്റത്തിലൂടെ ബാബയുടെ പേരിനെ പ്രശസ്തമാക്കണം. ബാബയുടേയും ശ്രീകൃഷ്ണന്റേയും മഹിമ എല്ലാവരേയും കേൾപ്പിക്കണം.

**ഗീതം** – വരാൻ പോകുന്ന നാളെയുടെ ഭാഗ്യമാണ് നിങ്ങൾ...

**ഓം ശാന്തി** – ഈ ഗീതം സ്വാതന്ത്ര്യസേനാനികൾ പാടിയതാണ്, ബാക്കി ലോകത്തിന്റെ ഭാഗ്യം എന്തിനെയാണ് പറയുന്നത്, ഇത് ഭാരതവാസികൾ അറിയുന്നില്ല. മുഴുവൻ ലോകത്തിലും പ്രശ്നങ്ങളാണ്, മുഴുവൻ ലോകത്തിന്റേയും ഭാഗ്യത്തെ പരിവർത്തനപ്പെടുത്തി നരകത്തിൽ നിന്നും സ്വർഗ്ഗമാക്കി മാറ്റാൻ ഒരു മനുഷ്യർക്കും സാധിക്കില്ല. ഈ മഹിമ മനുഷ്യന്റേതല്ല. അഥവാ കൃഷ്ണനെ പറയുകയാണെങ്കിലും കൃഷ്ണനെ ആരും ഗ്ലാനി ചെയ്യില്ലല്ലോ. മനുഷ്യർക്ക് ഈ കാര്യം മനസ്സിലാക്കാൻ സാധിക്കുന്നില്ല കൃഷ്ണൻ നാലാം നാളിലെ ചന്ദ്രനെ എങ്ങനെ കണ്ടു കളങ്കിതമായി. വാസ്തവത്തിൽ കൃഷ്ണന് കളങ്കമുണ്ടാകുന്നില്ല. ഗീതയുടെ ഭഗവാനും ഉണ്ടാകുന്നില്ല. കളങ്കം മുഴുവൻ കിട്ടുന്നത് ബ്രഹ്മാവിനാണ്. കൃഷ്ണന് കളങ്കം ലഭിച്ചത് കൃഷ്ണൻ ഓടിപ്പിച്ചു എന്നതാണ്. ശിവബാബയെ ആരും തന്നെ അറിയുന്നില്ല. ഈശ്വരന്റെ പിന്നാലെ ഓടിയിട്ടുണ്ട് തീർച്ച. പക്ഷേ ഈശ്വരന് ഒരിക്കലും ഗ്ലാനി കിട്ടുന്നില്ല. ഈശ്വരനോ കൃഷ്ണനോ ഒരിക്കലും ഗ്ലാനി കിട്ടുന്നില്ല. രണ്ടുപേരുടേയും മഹിമ വളരെ ഉയർന്നതാണ്. കൃഷ്ണന്റെ മഹിമയാണ് നമ്പർ 1. ലക്ഷ്മീനാരായണന് ഇത്രയും മഹിമയില്ല. കാരണം അവർ പതി, പത്നിയാണ്. കൃഷ്ണൻ കുമാരനാണ് അതുകൊണ്ട് മഹിമ കൂടുതലുണ്ട്. ലക്ഷ്മീനാരായണന്റെ മഹിമ ഇങ്ങനെ പാടാറുണ്ട് 16 കലാ സമ്പൂർണ്ണർ, സമ്പൂർണ്ണനിർവ്വികാരി. കൃഷ്ണനെ ദ്വാപരയുഗത്തിലാണെന്ന് പറയുന്നു. ആളുകൾ പറയുന്നു ഈ മഹിമ പരമ്പരായി നടന്നുവരുന്നതാണ്. ഈ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ കുട്ടികൾ അറിഞ്ഞു. ഇത് ഈശ്വരീയ ജ്ഞാനമാണ്, ഈശ്വരനാണ് രാമരാജ്യം സ്ഥാപിക്കുന്നത്. രാമരാജ്യത്തെക്കുറിച്ച് മനുഷ്യൻ മനസ്സിലാക്കുന്നില്ല. ബാബ വന്ന് എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. എല്ലാറ്റിന്റേയും ആധാരം ഗീതയാണ്. ഗീത പോലും തെറ്റായിട്ടാണ് എഴുതിവെച്ചിരിക്കുന്നത്. കൗരവരും പാണ്ഡവരും തമ്മിൽ യുദ്ധം ഉണ്ടായിട്ടേയില്ല, പിന്നെ അർജ്ജുനന്റെ കാര്യമേ വരുന്നില്ല. ഇതാണെങ്കിൽ ബാബ പാഠശാലയിലിരുത്തി പഠിപ്പിക്കുകയാണ്. പാഠശാല യുദ്ധമൈതാനമല്ല. മായാരാവണനാണ് യുദ്ധത്തിൽ. അതിന്റെ മേൽ വിജയം പ്രാപിക്കണം. മായയെ ജയിച്ച് വിശ്വജേതാവായി മാറണം. പക്ഷേ ഈ കാര്യങ്ങളെക്കുറിച്ച് ആരും ഇത്തിരിപോലും മനസ്സിലാക്കുന്നില്ല. ഡ്രാമയിൽ ഇത് അടങ്ങിയതാണ്. ആളുകൾ പിന്നെ മനസ്സിലാക്കിക്കൊള്ളും. നിങ്ങൾ കുട്ടികൾക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഭീഷ്മപിതാമഹനെപ്പോലുള്ളവരെ ഹിംസകബാണം ഉപയോഗിച്ച് കൊല്ലേണ്ട കാര്യമേയില്ല. ശാസ്ത്രങ്ങളിൽ വളരെയധികം കാര്യങ്ങൾ എഴുതിവെച്ചിട്ടുണ്ട്. മാതാക്കൾ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി മറ്റുള്ളവരോടു സമയം ചോദിക്കണം. പറയൂ ഞങ്ങൾ താങ്കളോട് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഗീത ഭഗവാൻ പാടിയതാണ്. ഭഗവാന്റെ മഹിമയാണ്. ശ്രീകൃഷ്ണന്റേത് വേറെയാണ്. ഞങ്ങൾക്ക് ഈ കാര്യത്തിൽ സംശയമുണ്ട്. രുദ്രഭഗവാനുവാച– ഭഗവാന്റേത് രുദ്രജ്ഞാനയജ്ഞമാണ്. നിരാകാരനായ പരംപിതാപരമാത്മാവിന്റേതാണ് ജ്ഞാനയജ്ഞം. മനുഷ്യർ പറയും ഭഗവാനുവാചയെന്ന്. ഭഗവാനെന്ന് പറയുന്നത് ഒന്നിനെയാണ്. ആ ഭഗവാന്റെ മഹിമ എഴുതണം. കൃഷ്ണന്റെ മഹിമ ഇതാണ് ഇപ്പോൾ ഇവർ രണ്ടിൽ ഗീതയുടെ ഭഗവാൻ ആരാണ്? ഗീതയിലെഴുതിയിട്ടുണ്ട് സഹജരാജയോഗം. ബാബ പറയുകയാണ് പരിധിയില്ലാത്ത സന്യാസം ചെയ്യൂ. ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, മൻമനാഭവ, മധ്യാജീഭവ. ബാബ മനസ്സിലാക്കിത്തരുന്നത് വളരെ നല്ല രീതിയിലാണ്. ഗീതയാണ് ശ്രീമദ്ഭഗവാനുവാച. ശ്രീ അർത്ഥം ശ്രേഷ്ഠനായ പരംപിതാ പരമാത്മാവിനെയാണ് പറയുന്നത്. കൃഷ്ണൻ ദൈവിക ഗുണങ്ങളുള്ള മനുഷ്യനാണ്. ഗീതയുടെ ഭഗവാൻ ശിവനാണ് രാജയോഗം പഠിപ്പിക്കുന്നത്. അവ

സാനം എല്ലാ ധർമ്മത്തിനും വിനാശമുണ്ടായി ഒരു ധർമ്മത്തിന്റെ സ്ഥാപന നടക്കും. സത്യയുഗത്തിൽ ഒരു ആദിസനാതനദേവീദേവതാധർമ്മമാണ് ഉണ്ടായിരുന്നത്. അത് കൃഷ്ണനല്ല സ്ഥാപിച്ചത് ഭഗവാൻ ശിവനാണ്. ഭഗവാന്റെ മഹിമ ഇതാണ്. ഭഗവാനെ ത്വമേവ മാതാശ്ചപിതാ ത്വമേവ എന്ന് പറയാറുണ്ട്. കൃഷ്ണനെയല്ല പറയുന്നത്. നിങ്ങൾക്ക് സത്യമായ ബാബയുടെ പരിചയം കിട്ടി. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം ഭഗവാനാണ് ലിബറേറ്റർ ഗൈഡ്. എല്ലാവരേയും കൂടെ കൂട്ടിക്കൊണ്ടുപോകുന്നു. കൊതുകിൻ കൂട്ടത്തെപ്പോലെ എല്ലാവരേയും കൊണ്ടുപോകേണ്ടത് ശിവന്റെ ജോലിയാണ്. സുപ്രീം എന്ന അക്ഷരം വളരെ നല്ലതാണ്. ശിവൻ പരംപിതാപരമാത്മാവിന്റെ മഹിമ വേറെയാണ്, കൃഷ്ണന്റെ മഹിമ വേറെയാണ്. രണ്ടും സിദ്ധീകരിച്ച് മനസ്സിലാക്കിക്കൊടുക്കണം. ശിവൻ ജനനമരണത്തിലേക്ക് വരുന്നില്ല. പതീതപാവനനാണ് ബാബ. കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങളെടുക്കുന്നു. ഇപ്പോൾ പരമാത്മാവെന്ന് ആരെയാണ് പറയുക? ഇതെഴുതണം. പരിധിയില്ലാത്ത ബാബയെ അറിയാത്തതുകാരണം അനാഥരും ദു:ഖികളുമായിമാറി. സത്യയുഗത്തിൽ എല്ലാവരും സുഖികളായിരുന്നു, ധനികരായിരുന്നു. വാക്കുകൾ സ്പഷ്ടമായിരിക്കണം. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ സമ്പത്തെടുക്കൂ. സെക്കന്റിൽ ജീവന്മുക്തിയാണ്. ഇപ്പോഴും ശിവബാബ ഇങ്ങനെയാണ് പറയുന്നത്, ശിവബാബയുടെ മഹിമ പൂർണ്ണമായും എഴുതണം. ശിവായ നമ: ബാബയിൽ നിന്നാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നത്. ഈ സൃഷ്ടിചക്രത്തെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗവാസിയായി മാറും. ഇപ്പോൾ ജഡ്ജ് ചെയ്യൂ ശരി എന്താണ്? നിങ്ങൾ കുട്ടികൾ സന്യാസിമാരുടെ ആശ്രമങ്ങളിൽ പോയി വ്യക്തിപരമായി അവരെ കാണണം. എല്ലാവർക്കും അവരുടേതായ അഭിമാനം ഉണ്ടായിരിക്കും.

നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ടായിരിക്കണം മനുഷ്യർക്ക് എങ്ങനെ സത്യമായ വഴി പറഞ്ഞുകൊടുക്കാം. ഭഗവാനുവാച – ഞാൻ ഈ സാധുസന്യാസിമാരെപ്പോലും ഉദ്ധരിക്കുന്നു. മുക്തിദാതാവ് എന്നും പറയുന്നു. പരിധിയില്ലാത്ത ബാബ പറയുന്നു എന്റേതായി മാറൂ. അച്ഛൻ മകനെ ഷോ ചെയ്യുന്നു, മകൻ അച്ഛനെ ഷോ ചെയ്യുന്നു. ശ്രീകൃഷ്ണനെ പിതാവെന്ന് പറയില്ല. ഗോഡ് ഫാദറിന്റെ കുട്ടികളാണെന്ന് പറയാൻ സാധിക്കും. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ വളരെ ലഹരി വേണം. പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ് നമ്മൾ. രാജാവിന്റെ കുട്ടി രാജകുമാരന്റെ പെരുമാറ്റം നിങ്ങൾ കണ്ടിട്ടില്ലേ എത്ര റോയൽ ആണ്. പക്ഷേ പാവം ഈ ശ്രീകൃഷ്ണന്റെ മേൽ ഭാരതവാസികൾ എത്ര കളങ്കം ചാർത്തി. നിങ്ങളും ഭാരതവാസികളാണ്. പറയൂ ഞങ്ങൾ ഇപ്പോൾ സംഗമയുഗത്തിലാണ്. ഞങ്ങൾ ഭഗവാന്റെ കുട്ടികളായി മാറിയിരിക്കുകയാണ്. ഭഗവാനിൽ നിന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഭഗവാനുവാച – നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. കൃഷ്ണന്റെ കാര്യമേയല്ല. മുന്നോട്ടു പോകുന്തോറും മനസ്സിലാക്കിക്കൊള്ളും. രാജാജനകൻ പോലും സൂചനയിലൂടെ മനസ്സിലാക്കിയതല്ലേ. പരംപിതാപരമാത്മാവിനെ ഓർമ്മിച്ചതും ധ്യാനത്തിൽ പോയി. ഒരുപാടുപേർ ധ്യാനത്തിൽ പോയിവരാറുണ്ട്. ധ്യാനത്തിൽ നിരാകാരി ലോകവും വൈകുണ്ഠവും കാണും. ഇതും നിങ്ങൾക്കറിയാം നമ്മൾ നിരാകാരി ലോകത്തിലിരിക്കുന്നവരാണ്. പരംധാമത്തിൽനിന്നും ഇവിടെവന്ന് പാർട്ട് അഭിനയിക്കുന്നു. വിനാശവും മുന്നിൽത്തന്നെയുണ്ട്. ഗവേഷകർ ചന്ദ്രനിലേക്ക് പോകുന്നതിനുവേണ്ടി പരിശ്രമിക്കുന്നു. ഇതാണ് സയൻസിന്റെ അതിയായ അഹങ്കാരം, ഇതിലൂടെ തങ്ങളുടെ തന്നെ വിനാശം ചെയ്യുന്നു, ചന്ദ്രനിലൊന്നും ഒന്നും തന്നെയില്ല. കാര്യം വളരെ നല്ലതാണ്, മനസ്സിലാക്കിക്കൊടുക്കാൻ യുക്തിവേണം. നമ്മളെ പഠിപ്പിക്കുന്നത് ഉയർന്നതിലും ഉയർന്ന ബാബയാണ്. ബാബയുടെ മഹിമ വേറെയാണ്. കൃഷ്ണന്റെ മഹിമ വേറെയാണ്. രുദ്രന്റെ അവിനാശി ജ്ഞാനയജ്ഞമാണ്. ഇതിൽ എല്ലാം ആഹൂതിയാകേണ്ടതാണ്. പോയിന്റുകൾ വളരെ നല്ലതാണ്, പക്ഷേ അതിന് അൽപം കൂടി സമയമെടുക്കും.

ഈ പോയിന്റും നല്ലതാണ് – ഒന്നാണ് ആത്മീയ യാത്ര, രണ്ടാമത്തേതാണ് ഭൗതീകയാത്ര. ബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ അന്തിമ മനം എങ്ങിനെയോ അതുപോലെ ഗതി ഉണ്ടാകും. ഇത് ആത്മീയ പിതാവിനല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള പോയിന്റുകൾ എഴുതണം. മൻമനാഭവ, മദ്ധ്യാജീഭവ. ഇതാണ് മുക്തി ജീവന്മുക്തിയിലേക്കുള്ള യാത്ര. യാത്ര ബാബക്കാണ് ചെയ്യിപ്പിക്കാൻ കഴിയുക, കൃഷ്ണന് ചെയ്യിപ്പിക്കാൻ സാധിക്കില്ല. ഓർമ്മിക്കാനുള്ള ശീലം ഉണ്ടാക്കണം. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം സന്തോഷം ഉണ്ടായിരിക്കും. പക്ഷേ മായ സമ്മതിക്കില്ല. ശരി,

മധുരമധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ ഓർമ്മയും സ്നേഹവും ഗുഡ്മോർണിങ്ങും. സർവ്വീസ് എല്ലാവരും ചെയ്യുന്നുണ്ട്. പക്ഷേ ഉയർന്നതും താഴ്ന്നതുമായ സേവയുണ്ടല്ലോ. ആർക്കെങ്കിലും ബാബയുടെ പരിചയം കൊടുക്കുക ഇത് വളരെ സഹ

ജമാണ്. ശരി, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ..

**രാത്രി ക്ലാസ്സ്**

പർവ്വതത്തിനുമുകളിൽ കാറ്റുകൊള്ളാനും റീഫ്രെഷ് ആകാനും പോകാറുണ്ട്. വീട്ടിലോ ഓഫീസിലോ ഇരിക്കുമ്പോൾ ബുദ്ധിയിൽ ജോലിയെക്കുറിച്ചായിരിക്കും, പുറത്തു പോകുന്നതിലൂടെ ഓഫീസിന്റെ ചിന്തകളിൽ നിന്നും ഫ്രീയാകും. ഇവിടേയും കുട്ടികൾ റീഫ്രെഷ് ആകുന്നതിനുവേണ്ടി വരുന്നു. പകുതി കൽപ്പം ഭക്തി ചെയ്ത് ചെയ്ത് ക്ഷീണിച്ചു, പുരുഷോത്തമസംഗമയുഗത്തിൽ സ്ഥാനം ലഭിച്ചു. ജ്ഞാനയോഗത്തിലൂടെ നിങ്ങൾ റീഫ്രെഷ് ആകും. നിങ്ങൾക്കറിയാം ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശം ഉണ്ടാവുകയാണ്, പുതിയ ലോകത്തിന്റെ സ്ഥാപനയും. പ്രളയം ഉണ്ടാകുന്നില്ല. ലോകത്തിലുള്ളവർ മനസ്സിലാക്കുന്നു ഒറ്റയടിക്ക് എല്ലാം ഇല്ലാതാകും. പക്ഷേ അങ്ങനെയല്ല. പരിവർത്തനമുണ്ടാകും. ഇത് തന്നെയാണ് നരകം പഴയ ലോകം. പുതിയ ലോകമെന്താ പഴയ ലോകമെന്താ ഇത് നിങ്ങൾക്കറിയാം. നിങ്ങൾക്ക് വിശദമായി മനസ്സിലാക്കിത്തന്നുകഴിഞ്ഞു. നിങ്ങളുടെ ബുദ്ധിയിൽ വിസ്താരത്തിലുണ്ട്, അതും നമ്പർവാർ പുരുഷാർത്ഥമനുസരിച്ച്. മനസ്സിലാക്കിക്കൊടുക്കാനും ബുദ്ധി ശുദ്ധമായിരിക്കണം. ആർക്കും പെട്ടെന്ന് ബുദ്ധിയിലിരിക്കുന്ന വിധത്തിൽ മനസ്സിലാക്കിക്കൊടുക്കണം. ചില കുട്ടികൾ പാകമാകാത്തവരാണ്, മുന്നോട്ടു പോകവേ വിട്ടുപോകും. ഭഗവാന്റെ മഹാവാക്യമാണ് ആശ്ചര്യത്തോടെ കേൾക്കും, പറയും... ഇവിടെയാണ് മായയുമായിട്ടുള്ള യുദ്ധം. മായയിൽ നിന്ന് മരിച്ച് ഈശ്വരന്റേതായി മാറും പിന്നെ ഈശ്വരനിൽ നിന്ന് മരിച്ച് മായയുടേതായി മാറും.  ദത്തെടുത്തതിനുശേഷം ലീവ്ലെറ്റർ കൊടുക്കും. മായ വളരെ ശക്തിശാലിയാണ്. വളരെയധികം പേരെയും കൊടുങ്കാറ്റിൽ ആഞ്ഞടിക്കും. കുട്ടികൾക്കും അറിയാം ജയപരാജയമുണ്ടാകും. ഇതാണ് ജയപരാജയത്തിന്റെ കളി. അഞ്ചു വികാരങ്ങളിൽ തോൽക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം പുരുഷാർത്ഥം ചെയ്യുകയാണ്. വീണ്ടും നിങ്ങളുടേതാണ് ജയം. ഇപ്പോൾ ബാബയുടേതായി മാറി ഇത് പക്കായായിരിക്കണം. നിങ്ങൾക്കറിയാം മായ എന്തെല്ലാം പ്രലോഭിപ്പിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് 84 ജന്മത്തിന്റെ ചക്രം പൂർത്തിയായി. ദേവതാ ക്ഷത്രിയൻ വൈശ്യൻ ശൂദ്രനായി മാറി. ഇപ്പോൾ ശൂദ്രനിൽനിന്നു വീണ്ടും ബ്രാഹ്മണനായി മാറി. ബ്രാഹ്മണനിൽനിന്ന് വീണ്ടും ദേവതയായി മാറുന്നു. ഇത് മറക്കരുത്. മറക്കുകയാണെങ്കിൽ കാൽ പിന്നോട്ട് വെക്കുകയാണ്. ലോകത്തിലെ കാര്യങ്ങൾ ബുദ്ധിയിലേക്ക് കയറിവരും. മുരളി പോലും ഓർമ്മ വരില്ല. ഓർമ്മയാകുന്ന യാത്രയിൽ പ്രയാസം അനുഭവപ്പെടും. ഇതും അത്ഭുതമാണ്.

ചില കുട്ടികൾക്ക് ബാഡ്ജ് ധരിക്കാൻ ലജ്ജയാണ്, ഇതും ദേഹാഭിമാനമല്ലേ? ഗ്ലാനി അനുഭവിക്കേണ്ടിവരും. കൃഷ്ണൻ പോലും എത്ര ഗ്ലാനി അനുഭവിച്ചു. ഏറ്റവും കൂടുതൽ ഗ്ലാനി അനുഭവിച്ചത് ശിവനാണ്. പിന്നീട് കൃഷ്ണൻ. പിന്നെ ഏറ്റവും കൂടുതൽ ഗ്ലാനി അനുഭവിച്ചത് രാമനാണ്. നമ്പർവൈസാണ്. ഗ്ലാനി ചെയ്യുന്നതിലൂടെ ഭാരതത്തിന്റെ എത്ര ഹാനി സംഭവിച്ചു. നിങ്ങൾ കുട്ടികൾ ഇതിൽ ഭയപ്പെടരുത്. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1) ബുദ്ധിയിലൂടെ പരിധിയില്ലാത്ത സന്യാസം ചെയ്ത് ആത്മീയ യാത്രയിൽ തൽപ്പരരായിരിക്കണം. ഓർമ്മയിലിരിക്കാനുള്ള ശീലം ഉണ്ടാക്കണം.

2) പിതാവ് പുത്രനേയും പുത്രൻ പിതാവിനേയും ഷോ ചെയ്യുന്നു, എല്ലാവർക്കും ബാബയുടെ സത്യമായ പരിചയം കൊടുക്കണം. സെക്കന്റിൽ ജീവന്മുക്തിയുടെ വഴി പറഞ്ഞുകൊടുക്കണം.

## വരദാനം:–മനസാ– വാചാ സേവനത്തിന്റെ മേളയിലൂടെ ഇന്ദ്രജാലം നടത്തുന്ന നവീനത, വിശേഷതാ സമ്പന്നരായി ഭവിക്കട്ടെ.

മനസാ–വാചാ ഈ രണ്ടിന്റെയും മേള ഇന്ദ്രജാലത്തിന്റെ ജോലി ചെയ്യും, ഇതിലൂടെ സംഘടനയുടെ ചെറിയ ചെറിയ പ്രശ്നങ്ങൾ അങ്ങനെ സമാപ്തമാകും ഇതെന്തോ ഇന്ദ്രജാലം സംഭവിച്ചത് പോലെ എന്ന് താങ്കൾ ചിന്തിക്കും. മനസാ ശുഭഭാവനയും ശുഭ ആശീർവാദങ്ങളും കൊടുക്കുന്നതിൽ ബിസിയായിരിക്കൂ എങ്കിൽ മനസ്സിന്റെ ചഞ്ചലതകൾ സമാപ്തമാകും, പുരുഷാർത്ഥത്തിൽ ഒരിക്കലും നിരാശരാകില്ല. സംഘടനയിൽ ഒരിക്കലും പരിഭ്രമിക്കുകയില്ല. മനസാ–വാചാ സേവനത്തിന്റെ സമ്മേളനത്തിലൂടെ ത്വരിത

ഗതിയിലുള്ള സേവനത്തിന്റെ പ്രഭാവം വീക്ഷിക്കാം. ഇപ്പോൾ സേവനത്തിൽ ഈ നവീനതയും വിശേഷതയും കൊണ്ട് സമ്പന്നരാകൂ എങ്കിൽ 9 ലക്ഷം പ്രജകൾ വളരെ എളുപ്പത്തിൽ തയ്യാറാകും

## സ്ലോഗൻ:- ബുദ്ധി യഥാർത്ഥനിർണ്ണയം അപ്പോഴാണ് ചെയ്യുക, എപ്പോഴാണോ പൂർണ്ണമായും നിർവ്വികാരിയാകുന്നത്.

**മാതേശ്വരിജിയുടെ മധുര മഹാവാക്യം:**

**"കലിയുഗീ അസാര ലോകത്തിൽ നിന്ന് സത്യയുഗീ സാര സഹിത ലോകത്തിലേക്ക് കൊണ്ടു പോകുന്നത് ആരുടെ കർത്തവ്യമാണ് "**

ഈ കലിയുഗീ ലോകത്തെ അസാര ലോകമെന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാൽ ഈ ലോകത്തിൽ സാരം ഒന്നും തന്നെയില്ല, ഒരു വസ്തുവിലും തന്നെ ആ ശക്തിയില്ല അർത്ഥം സുഖം ശാന്തി പവിത്രതയില്ല, ഒരു സമയത്ത് ഈ സൃഷ്ടിയിൽ സുഖവും ശാന്തിയും പവിത്രതയും ഉണ്ടായിരുന്നു. ഇപ്പോൾ ആ ശക്തിയില്ല എന്തുകൊണ്ടെന്നാൽ ഈ സൃഷ്ടിയിൽ 5 ഭൂതങ്ങൾ പ്രവേശിച്ചിരിക്കുകയാണ് അതുകൊണ്ടാണ് ഈ സൃഷ്ടിയെ ഭയത്തിന്റെ സാഗരം അർത്ഥം കർമ്മ ബന്ധനത്തിന്റെ സാഗരമെന്ന് പറയുന്നത്, അതുകൊണ്ട് തന്നെയാണ് മനുഷ്യർ ദുഃഖിതരായി പരമാത്മാവിനെ വിളിച്ചുകൊണ്ടിരിക്കുന്നത്, പരമാത്മാവേ ഞങ്ങളെ ഈ ഭവ സാഗരത്തിൽ നിന്ന് അക്കര കടത്തൂ, ഇതിലൂടെ വ്യക്തമാകുന്നത് അഭയം അർത്ഥം നിർഭയത്തിന്റെ ലോകവും തീർച്ചയായും ഉണ്ട് എന്നാണ്, അതിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈ ലോകത്തെ പാപത്തിന്റെ സാഗരമെന്ന് പറയുന്നത്, അതിൽ നിന്ന് അക്കരെ കടന്ന് പുണ്യാത്മാക്കളുടെ ലോകത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അപ്പോൾ ലോകങ്ങൾ രണ്ടുണ്ട്, ഒന്ന് സത്യയുഗീ സാര സഹിത ലോകവും രണ്ട് കലിയുഗീ അസാര ലോകവും. രണ്ട് ലോകങ്ങളും തന്നെ ഈ സൃഷ്ടിയിലാണ് ഉണ്ടാകുന്നത്. ശരി - ഓം ശാന്തി.